പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 6010 — 07-07-2014 ൽ മറുപടിക്ക്

## ചെറുകിട കർഷകർക്ക് പലിശരഹിത വായ്പ

ചോദ്യം — ശ്രീ. ജെയിംസ് മാത്യു

ഉത്തരം — ശ്രീ.കെ.പി. മോഹനൻ (കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) സർക്കാർ പ്രഖ്യാപിച്ച പ്രകാരം ചെറുകിട കർഷകർക്ക് പലിശരഹിത കാർഷിക വായ്പ ലഭ്യമാക്കിയോ എന്ന് വ്യക്തമാക്കാമോ; | (എ) | | കർഷകർക്ക് പലിശരഹിത വായ്പ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ / സർവ്വീസ് സഹകരണ ബാങ്കുകൾ/ കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ, കൃത്യമായി തിരിച്ചടവ് നടത്തുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി ഉത്തേജന പലിശ ഇളവ് പദ്ധതിയാണ് നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) പലിശരഹിത കാർഷിക വായ്പ നൽകുന്നതിനായി കഴിഞ്ഞ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയെന്ന് വ്യക്തമാക്കാമോ; | (ബി) | | പലിശ സബ്സിഡി നൽകുന്നതിനായി 2013-14 വർഷത്തെ ബഡ്ജറ്റിൽ 30 കോടി രൂപ മാറ്റിവയ്ക്കുന്നതായി പ്രഖ്യാപിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 2013-14 വർഷത്തിൽ ഒരു കോടി രൂപ ഈ ആവശ്യത്തിനായി അനുവദിക്കുകയും ചെയ്തിരുന്നു. |
| (സി) ചെറുകിട കർഷകരുടെ പലിശ ബാധ്യത പൂർണ്ണമായും എഴുതിത്തള്ളിയിട്ടുണ്ടോ; ഇതിനായി എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കാമോ ? | (സി) | | ഹ്രസ്വകാല കാർഷിക വായ്പകൾ, കൃത്യമായി തിരിച്ചടവ് നടത്തിയിട്ടുള്ളവരുടെ പലിശ സബ്സിഡി നടപ്പിലാക്കുന്നതിനായി 2012-13-ൽ അനുവദിച്ച 3 കോടി രൂപ ഉൾപ്പെടെ ആകെ ലഭ്യമായ 4 കോടി രൂപയിൽ 3,62,79,246/- രൂപ 2013-14-ൽ ഈ ആവശ്യത്തിനായി ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ